## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2619** **20/06/2013-ൽ മറുപടിക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിന് പദ്ധതി**

| ചോദ്യം<br>ശ്രീ. ഇ.കെ. വിജയൻ | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ? | പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനായി തെരഞ്ഞെടുക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളിന് അവാർഡ്, ആരോഗ്യ നൈപുണ്യ വിദ്യാഭ്യാസം, ഗവണ്മെന്റ് സ്കൂളുകളുടെ വികസനം, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും 26.06 കോടി രൂപയുടെ പദ്ധതികൾ, പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നല്കുന്നതിന് പ്രധാനാദ്ധ്യാപകർക്ക് 'ഇ' ട്രാൻസ്ഫർ മുഖാന്തിരം നേരിട്ട് ഫണ്ട് അനുവദിക്കൽ എന്നീ പദ്ധതികൾ പുതുതായി നടപ്പാക്കിവരുന്നു. കൂടാതെ എസ്.ഇ.ആർ.ടി. യുടെ ആഭിമുഖ്യത്തിൽ സമഗ്ര പാഠ്യപദ്ധതി പരിഷ്ക്കരണം, മൂല്യ നിർണ്ണയ രീതിയിലും അദ്ധ്യാപക പരിശീലനത്തിലും സമഗ്രമായ മാറ്റം, എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൂടി സൗജന്യ യൂണിഫോം എന്നീ പദ്ധതികളും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ